## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 574

06.03.2012 ലെ മറുപടിയ്ക്ക്

# ന്യൂനപക്ഷക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ. ന്യൂനപക്ഷ ക്ഷേമം മുൻനിർത്തി ഇപ്പോൾ നടപ്പിലാക്കുന്നതും പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ. അഭ്യസ്തവിദ്യരായ മുസ്ലീം ചെറുപ്പക്കാർക്ക് മൽസര പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിനുള്ള പരിശീലന കേന്ദ്രം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ കൂടി ആരംഭിക്കുകയും കാസറഗോഡ്, പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകു കയും ചെയ്തു. കൂടാതെ ന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന ഒമ്പതാം ക്ലാസ് വിദ്യാർഥികൾക്ക് പഠനത്തിനായി മേശയും കസേരയും നൽകൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകുന്ന തിനുള്ള പദ്ധതി, മദ്രസാദ്ധ്യാപക ക്ഷേമനിധി അംഗ ങ്ങളുടെ 1 ഉം 2 ഉം വർഷം ബി.ടെക് ന് പഠിക്കുന്ന മക്കൾക്ക് ലാപ്-ടോപ് നൽകൽ, കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവ സ്ഥാപിക്കുക, മദ്രസാദ്ധ്യാപക ക്ഷേമനിധി പലിശ രഹിതമാക്കൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് അക്കാദമി പോലെയുള്ള സ്ഥാപനങ്ങളിലെ പരിശീലനത്തിന് ഫീസ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ് ചെയ്യാനുള്ള പദ്ധതി |

തുടങ്ങിയവ നടപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

<u>നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ:</u>

1) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതാണ്.

2) സ്ഥിര വരുമാനമില്ലാത്തവരും സ്വന്തമായി കിടപ്പാടം ഇല്ലാത്തവരുമായ വിധവകളുടെ പുനരധിവാസത്തിന് വീടുകൾ/പാർപ്പിടസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതാണ്.

3) സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃതങ്ങളായ 50 വികസന ബ്ളോക്കുകൾ കണ്ടെത്തി അവയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ മൾട്ടി സെക്റ്ററൽ ഡെവലപ്മെന്റ് പ്ലാൻ മാതൃകയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി. | വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരത്തക്കവിധം ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുമോ; | ബി. | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| സി. | ന്യൂനപക്ഷ ക്ഷേമ കമ്മീഷന്റെ രൂപീകരണം ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ? | സി. | സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ